ശ്രീ. കെ. വി. സുരേന്ദ്രനാഥ്: പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: പുനരധിവാസത്തിന്റെ പ്രശ്നം ഉദിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. അവിടെ താമസമില്ല. വെള്ളം ഇറങ്ങുമ്പോൾ വന്ന് കൃഷിയിറക്കുകയാണ് ചെയ്യുന്നത്. ഇത് ഒരിക്കലും പ്രോൽസാഹിപ്പിക്കാവുന്ന നടപടിയാണെന്ന് തോന്നുന്നില്ല.

ശ്രീ. സി. വാസുദേവമേനോൻ: മലമ്പുഴയിലെ കാച്ച്മെൻറ് ഏരിയായിൽ കൃഷിയിറക്കുന്നത് ഡാമിനുതന്നെ വളരെ ആപൽക്കരമാണ്. അങ്ങനെ കൃഷി നടത്തുന്നത് പ്രമണിമാരായ ആളുകളം ആദിവാസികളെക്കൊണ്ട് ചെയ്യിക്കുന്നതാണെന്നും അറിയുന്നു. വെള്ളം നിറഞ്ഞാൽ ഈ കാര്യം അപ്പോഴത്തെ അവകാശികളായ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണ് കൈകാര്യം ചെയ്യേണ്ടത്. ഡാമിൽ വെള്ളം നിറയാതിരിക്കാൻവേണ്ടി, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ്, ഷട്ടർ തുറന്നുവച്ച് ഒരിക്കലും വെള്ളം കയറാതിരിക്കുന്നതിനുള്ള നടപടികളം സ്വീകരിക്കുന്നുണ്ടോ? അങ്ങനെ കൃഷിചെയ്തത് ഇപ്പോൾ അവിടെ തെങ്ങുകളെല്ലാം വളർന്ന് വലിയ തെങ്ങുകളായിട്ടുണ്ട്. 'കേരള കൗമുദി'യിൽ അതിന്റെ ഫോട്ടോ വന്നിട്ടുണ്ട്. ഇതിൽ റവന്യൂ ഡിപ്പാർട്ടുമെൻറ് നടപടിയെടുത്തിട്ടുണ്ട്. ഇനി ഒരിക്കലും ഇതുപോലെ ഉണ്ടാവാതിരിക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എന്ത് നടപടിയെടുത്തു? അവിടെ ഉദ്യോഗസ്ഥൻമാർക്ക് എതിരായി വല്ല നടപടികളും എടുത്തിട്ടുണ്ടോ; അവിടെ ഇത്രവലിയ തെങ്ങ് വളരാനുണ്ടായ കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): മലമ്പുഴ ഡാമിന്റെ കാച്ച്മെൻറ് ഏരിയായിൽ പഴയ കാലങ്ങളിൽ തെങ്ങ് കൃഷി ചെയ്തു. അത് ഇപ്പോൾ വലിയ തെങ്ങുകളായി. അതിൽ ഗവൺമെൻറ് ഉത്തരവാദിയല്ല. മേലിൽ അങ്ങനെ വരാതിരിക്കാൻ ആവശ്യമായ നടപടികളെടുക്കുന്നുണ്ട്. കാച്ച്മെൻറ് ഏരിയാ ആരെങ്കിലും, ട്രെസ്പാസ് ചെയ്താൽ അവരെ ഒഴിപ്പിക്കാൻ കർശന നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വി. സി. കബീർ: മലമ്പുഴയിൽ 525 പേരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നേ പറഞ്ഞുള്ളൂ. വ്യാപകമായി 525 പേരല്ല. 1,600 ഓളം പേർ ആ പ്രദേശത്ത് കൃഷിചെയ്യുന്നുണ്ട്. ഇന്ന് അത് വളരെ അധികമായി നടന്നുവരുന്ന ഒരു സമ്പ്രദായമാണെന്ന് കഴിഞ്ഞ വർഷംതന്നെ ഡി. ഡി. സിയിൽ പരാതിപ്പെട്ടിരുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽകൂടി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: കഴിഞ്ഞവർഷം നടപടി സ്വീകരിച്ചു. ഈ വർഷം ആരും കൃഷിചെയ്യാതിരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

നെടുമങ്ങാട്, പാലോട്, കാട്ടാക്കട പ്രദേശങ്ങളിലെ യാത്രാക്ലേശം

(*3) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ജില്ലയിലെ കിഴക്കൻ മലയോരപ്രദേശങ്ങളായ നെടുമങ്ങാട്, പാലോട്, കാട്ടാക്കട എന്നീ പ്രദേശങ്ങളിലെ ജനങ്ങളുടെ ഗുരുതരമായ യാത്രാക്ലേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കെ. എസ്. ആർ. ടി. സി. മാത്രമാണ് ഈ പ്രദേശത്തുള്ളവർക്ക് ഗതാഗതത്തിന് അവലംബമായിട്ടുള്ളത് എന്നത് കണക്കിലെടുത്ത് ഈ പ്രദേശം പ്രത്യേകം ശ്രദ്ധിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്.

(ബി). കെ. എസ്. ആർ. ടി. സി. യുടെ നെടുമങ്ങാട്, പാലോട്, കാട്ടാക്കട യൂണിറ്റുകളിൽ അനുവദിച്ചിട്ടുള്ള മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം നെടുമങ്ങാട് ഡിപ്പോയിൽ 93 ബസ്സ് ആവശ്യമുള്ളിടത്ത് 38 ബസ്സും പാലോട് ഓപ്പറേറ്റിംഗ് സെന്ററിൽ 17 ബസ്സ് ആവശ്യമുള്ളിടത്ത് 10 ബസ്സും ഉള്ളതിന്റെ ഭാഗമായി നെടുമങ്ങാട് 22,396 കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യേണ്ടിടത്ത് 11,144 കിലോമീറ്ററും, 4,384 കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യേണ്ട പാലോട് സെക്ഷനിൽ 1,800 കിലോമീറ്ററും ഓപ്പറേറ്റ് ചെയ്യുകയും 48 ശതമാനം ക്യാൻസലേഷൻ നെടുമങ്ങാട്ടും, 41 ശതമാനം ക്യാൻസലേഷൻ പാലോട്ടും ഉണ്ടാകുകയും അതിന്റെ ഫലമായി യാത്രാക്ലേശം വർദ്ധിച്ചുവരികയും ചെയ്യുന്നു. അതുപോലെത്തന്നെ 75,000 രൂപ കളക്ഷൻ ഉണ്ടായിരുന്ന നെടുമങ്ങാട് ഡിപ്പോയിൽ 60,000 രൂപയും 18,000 രൂപ കളക്ഷനുണ്ടായിരുന്ന പാലോട് ഡിപ്പോയിൽ 9,500 രൂപയും ആയി കളക്ഷൻ കുറഞ്ഞിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്താണ് ചെയ്യാൻ പോകുന്നത്?

ശ്രീ. എൻ. സുന്ദരൻ നാടാർ: അദ്ദേഹം പറഞ്ഞത് ശരിയല്ല. നെടുമങ്ങാട് ഡിപ്പോയിൽ 77-ഉം പാലോട് 15-ഉം കാട്ടാക്കട ഡിപ്പോയിൽ 63-ഉം ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്. ഞാൻ ചാർജ് എടുത്തതിനുശേഷം തകർന്നുപോയി എന്ന് പറഞ്ഞതിനോട് യോജിക്കാൻ കഴിയില്ല. അദ്ദേഹംകൂടി പങ്കെടുത്തുകൊണ്ടാണ് 24 ഷെഡ്യൂളുകൾ പുതുതായി ഓപ്പറേറ്റ് ചെയ്തത്. നെടുമങ്ങാട്—മധുര, നെടുമങ്ങാട്—കോതയാർ, നെടുമങ്ങാട്—കന്യാകുമാരി എന്നീ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചു. ഇന്ന് ഇപ്പോൾ നെടുമങ്ങാട് 75-ഉം പാലോട് 16-ഉം കാട്ടാക്കട 66-ഉം ബസ്സുകളാണ് ഉള്ളത്. ബസ്സുകൾ പൂർണ്ണമായി ലഭിച്ചു എന്ന് എനിക്കഭിപ്രായമില്ല. ഇവയിൽ നെടുമങ്ങാട്ടും, കാട്ടാക്കടയും ടയർ ഇല്ലാത്തതുകൊണ്ട് കുറേ ബസ്സുകൾ ഒതുക്കിയിട്ടിരിക്കുകയാണ്. ഏഴെട്ടു

LIBRARY ARCHIVES Kerala Legislative Assembly

ദിവസത്തിനകം ടയറുകളെല്ലാം കൊടുക്കും. അതിനുള്ള ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു. അവിടുത്തെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ഞാൻ പറഞ്ഞത് സത്യവിരുദ്ധമാണെന്ന് പറയുന്നത് ശരിയല്ല. എങ്കിലും അടുത്ത ചോദ്യം ഞാൻ ചോദിക്കുകയാണ്. ഇവിടെ റെയിൽവേ സൗകര്യം ഇല്ല. പ്രൈവറ്റ് ബസ് ഇല്ല. കെ. എസ്. ആർ. ടി. സി. മാത്രമാണ് ഈ മൂന്ന് പ്രദേശങ്ങളിലും ഉള്ളവർക്ക് അവലംബമായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ ബസ് അലോട്ട് ചെയ്യുമ്പോഴും പ്രയോറിറ്റി അവിടെ കൊടുത്തിട്ടില്ല. നെയ്യാറിൻകരയിൽ റെയിൽവേ സൗകര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും അതിന് അനുകൂലമാണ്, പക്ഷേ കെ.എസ്. ആർ.ടി.സി. മാത്രം ഏകഅവലംബമായിട്ടുള്ള ഈ പ്രദേശങ്ങളിൽ പുതിയ ബസ്സുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിൽ ചെറിയ ലിനിയൻസി ബഹുമാനപ്പെട്ട മന്ത്രി കാണിക്കുമോ? അവിടെയുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള ചെറിയ ഏർപ്പാട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: നെടുമങ്ങാടിന്റെ യാത്രാക്ലേശം ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഇതിനകംതന്നെ പത്തുപന്ത്രണ്ട് ബസ്സുകൾ കൊടുത്തു. പുതിയ ബസ് വരുമ്പോൾ അനുവദിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: കാട്ടാക്കട സബ്ഡിപ്പോയിൽനിന്നും ഓപ്പറേറ്റു ചെയ്തിരുന്ന 63 ഷെഡ്യൂളുകളിൽ ഏതാണ്ട് പകുതിയോളം മാത്രമേ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുള്ളു എന്നുള്ളതും ടയർ ഇല്ലായ്മയും മറ്റുമാണ് വണ്ടികൾ ഓടിക്കാതെ ഇരിക്കുന്നതിനു കാരണം എന്നുള്ളതും വസ്തുതയാണ്. അതിൽ പ്രതിഷേധിച്ച് അവിടെ വിദ്യാർത്ഥികളും മറ്റും ബസ് തടഞ്ഞ് പ്രക്ഷോഭണം ഉണ്ടാക്കിയതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ദീർഘദൂര സർവ്വീസുകളുടെ കാര്യമൊക്കെ അങ്ങു പറഞ്ഞു. കാട്ടാക്കട–കന്യാകുമാരി നെടുമങ്ങാട്– കോതയാർ എന്നൊക്കെ പറഞ്ഞു. പക്ഷേ വിദ്യാർത്ഥികൾക്കും തിരുവനന്തപുരത്തുള്ള പല ഓഫീസുകളിൽവന്നും പോയും ഇരിക്കുന്നവർക്കും ഉള്ള സൗകര്യം പരിഗണിച്ച് അംഗീകൃതമായിട്ടുള്ള ഷെഡ്യൂളുകൾ പൂർണ്ണമായി ഓടിക്കുന്നതിന് ആവശ്യമായ ടയറുകളും മറ്റു സ്പെയർ പാർട്ടുകളും നൽകുന്നതിനും കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും സൗകര്യം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇതിനകം തന്നെ കുറേ ടയർ കൊടുത്തു. ഏതാനും ദിവസങ്ങൾക്കകത്ത് അത് പൂർണ്ണമായും പരിഹരിക്കുന്നതാണ്.

റോഡപകടങ്ങൾ

*(4) ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly